**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2204** **14-10-2024 - ൽ മറുപടിയ്ക്ക്**

**ഭക്ഷ്യസുരക്ഷാ പരിശോധനയ്ക്ക് ടെക്നിക്കൽ അസിസ്റ്റന്റുമാരെ നിയമിക്കുന്നതിനുള്ള യോഗ്യത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ ഫുഡ് അനലിറ്റിക്കൽ ലബോറട്ടറികളിൽ ഭക്ഷ്യസുരക്ഷാ നിയമപ്രകാരമുള്ള പരിശോധനയ്ക്ക് ടെക്നിക്കൽ അസിസ്റ്റന്റുമാരെ നിയമിക്കുന്നതിനുള്ള യോഗ്യത എന്താണെന്നറിയിക്കുമോ; | (എ) | സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ ഫുഡ് അനലിറ്റിക്കൽ ലബോറട്ടറികളിൽ ഭക്ഷ്യസുരക്ഷാ നിയമപ്രകാരമുള്ള പരിശോധനയ്ക്ക് ടെക്നിക്കൽ അസിസ്റ്റന്റുമാരെ നിയമിക്കുന്നതിനുള്ള യോഗ്യത G.O(Ms)24/2019/H&FWD dated 06/02/2019 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം PG Diploma in Food Analysis and Quality Assurance from the Defence Research Laboratory under University of Mysore<br><br>Or<br><br>PG Diploma in Food Analysis & Quality Assurance from A UGC recognized or National Institutes established by Govt. of India or Institutes established by Government of Kerala യും G.O(Ms)339/65/HLD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം Diploma in Food Technology with at least a Second Class or a degree in Chemistry with at least a Second Class. Preference to Food Technology candidates ഉം ആണ്.<br><br>Desirable qualification – Experience in the analysis of Foods |
| (ബി) | 2023 ജനുവരി 20-ലെ കേന്ദ്രസർക്കാർ വിജ്ഞാപനപ്രകാരം പ്രസ്തുത യോഗ്യതയിൽ മാറ്റം വരുത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വിജ്ഞാപന പ്രകാരമുള്ള ടെക്നിക്കൽ അസിസ്റ്റന്റ് നിയമന യോഗ്യത എന്താണെന്നും സംസ്ഥാനത്ത് ഇപ്രകാരം യോഗ്യതയിൽ മാറ്റം വരുത്തിയിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ; | (ബി) | ടെക്നിക്കൽ അസിസ്റ്റന്റ് ഗ്രേഡ്-II വിന് ആവശ്യമായ യോഗ്യത എന്ന നിലയിൽ കേന്ദ്ര സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചതായി ശ്രദ്ധയിൽ പെട്ടിട്ടില്ല. എന്നാൽ ഫുഡ് അനലിസ്റ്റിന്റെ യോഗ്യതയെ അടിസ്ഥാനപ്പെടുത്തി കേന്ദ്ര സർക്കാർ വിജ്ഞാപനം കൂടി പരിശോധിച്ച് സ്പെഷ്യൽ റൂൾസ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയാണ്. |

| | | | |
|---|---|---|---|
| (സി) | കേന്ദ്രസർക്കാർ നിയമപ്രകാരം ബി.എസ്.സി./ എം.എസ്.സി. മൈക്രോബയോളജി യോഗ്യതയുള്ളവരെ ഭക്ഷ്യസുരക്ഷാ പരിശോധനയ്ക്ക് നിയമിക്കാമെന്ന് വ്യക്തമാക്കിയിട്ടുള്ള സാഹചര്യത്തിൽ, സംസ്ഥാനത്തെ ലബോറട്ടറികളിലും ഭക്ഷ്യസുരക്ഷാ പരിശോധനകൾക്ക് മൈക്രോബയോളജിയിൽ ബിരുദവും ബിരുദാനന്തര ബിരുദവും ഉള്ളവരെ കൂടി പരിഗണിക്കാൻ നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ എന്താണ് തടസ്സമെന്ന് വ്യക്തമാക്കുമോ? | (സി) | G.O(Ms)No. 265/2007/H&FWD dated 02/08/2007 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ചുവടെ ചേർത്തിട്ടുള്ള യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെയാണ് പി.എസ്.സി. തെരെഞ്ഞെടുക്കുന്നത്.<br><br>Master Degree in Food and Industrial Microbiology<br><br>Or<br><br>Master Degree Microbiology with Special emphasis on Food Microbiology<br><br>BSc/MSc മൈക്രോബയോളജി യോഗ്യത ഉള്ളവരെക്കൂടി പരിഗണിച്ച് സ്പെഷ്യൽ റൂൾ തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ